പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.315 — 26.02.2018 ൽ മറുപടിയ്ക്ക്

വിലക്കയറ്റം തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് ഉണ്ടാകുന്ന വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അരിയുടെയും, വെളിച്ചെണ്ണയുടെയും വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും പയറു വർഗ്ഗങ്ങൾക്കും സുഗന്ധ വ്യഞ്ജനങ്ങൾക്കും ഗണ്യമായ വിലക്കുറവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (ബി) | വിലക്കയറ്റം തടയുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയമെന്ന നിലയിൽ പൊതു വിപണിയിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ച് നിർത്താൻ കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെട്ടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ